I ഇ.ബി. XV - കേരള നിയമസഭ/XII-5

പതിനഞ്ചാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നിയമസഭാ നടപടികൾ - സംഗ്രഹം

2024 ഒക്ടോബർ 10, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സംവരണം പാലിച്ച് നിയമനം നടത്തുന്നതിനുമുള്ള നടപടി

മി. സ്പീക്കർ: സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സർക്കാർ/പൊതുമേഖലയിൽ മെറിറ്റും സംവരണവും പാലിച്ചുകൊണ്ട് നിയമനങ്ങൾ നടത്തുന്നതിനും നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, എൻ.എ. നെല്ലിക്കുന്ന്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്,

മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സംസ്ഥാനത്ത് 15 മുതൽ 29 വയസ്സുവരെയുള്ളവരുടെ തൊഴിലില്ലായ്മ നിരക്ക് കൂടുതലാണെന്നും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നില്ലെന്നും പി.എസ്.സി. വഴിയുള്ള നിയമനങ്ങളിൽ സംവരണം പാലിക്കുന്നില്ലെന്നുമുള്ള പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ റിപ്പോർട്ട് അടിസ്ഥാനരഹിതമാണ്. 2023-ൽ രാജ്യത്ത് ഏറ്റവും കൂടുതൽ പി.എസ്.സി. നിയമനം നടന്നത് കേരളത്തിലാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പതിനായിരത്തോളം പുതിയ തസ്തികകൾ സൃഷ്ടിക്കുകയും വ്യവസായ വകുപ്പിൽ മാത്രം മൂന്നുലക്ഷത്തോളം പുതിയ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ തൊഴിൽ-സാംസ്കാരിക-പൊതുജീവിതരംഗങ്ങൾ മികച്ചതായതിനാലാണ് തൊഴിൽ സംബന്ധമായി മെച്ചപ്പെട്ട സംസ്ഥാനങ്ങളിൽനിന്നുപോലും തൊഴിലാളികൾ കേരളത്തിലേയ്ക്ക് വന്ന് തൊഴിൽ ചെയ്യുന്ന സാഹചര്യമുള്ളത്. സംവരണം കൃത്യമായി പാലിച്ച് പരമാവധി പേർക്ക് തൊഴിൽ നൽകുന്നുണ്ടെന്നാണ് വ്യക്തമാക്കാനുള്ളത്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: മറ്റ് സംസ്ഥാനങ്ങളിലെ വിവിധ തസ്തികകളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് ബോർഡുകൾവഴി നിയമനം നടത്തുന്നതുമൂലമാണ് ഇന്ത്യയിൽ ഏറ്റവും കൂടുതൽ നിയമനങ്ങൾ പി.എസ്.സി. വഴി നടത്തുന്ന സംസ്ഥാനമായി കേരളം മാറിയത്. പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ പ്രകാരം 15-29 പ്രായമുള്ള യുവാക്കളുടെ തൊഴിലില്ലായ്മ നിരക്ക് ദേശീയതലത്തിൽ 10.2 ശതമാനമായി നിലനിൽക്കുന്ന സാഹചര്യത്തിലാണ് സംസ്ഥാനത്ത് ആയത് 29.9 ശതമാനമായി നിൽക്കുന്നത്. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നില്ല. കേരളത്തിൽ ജോലി ചെയ്യാൻ കഴിയാത്ത സാഹചര്യമുണ്ടായതിനാലാണ് ഉന്നത വിദ്യാഭ്യാസത്തിനും തൊഴിലിനുമായി ചെറുപ്പക്കാർ വിദേശ രാജ്യങ്ങളിലേയ്ക്ക് പോകുന്നത്. ഡി.എ. കുടിശ്ശിക ഉൾപ്പെടെയുള്ള മറ്റാനുകൂല്യങ്ങൾ ലഭ്യമാകാത്തതും ലീവ് സറണ്ടർ നിർത്തലാക്കിയതും യഥാസമയം ശമ്പളം ലഭിക്കാത്തതുംമൂലം കേരളത്തിലെ സർക്കാർ ജോലി യുവാക്കൾക്കിടയിൽ അനാകർഷകമായിരിക്കുകയാണ്. പി.എസ്.സി. നിയമനങ്ങൾ അട്ടിമറിക്കപ്പെടുകയാണ്. കേരള പോലീസിൽ വിവിധ തസ്തികകൾക്കുള്ള റാങ്ക് ലിസ്റ്റ് നിലവിൽവന്ന് ആറുമാസമായിട്ടും ഒരാൾക്കുപോലും നിയമനം നൽകിയിട്ടില്ല. പോലീസ് സേനയിലെ

അംഗബലം വർദ്ധിപ്പിച്ച് ജോലിഭാരം കുറയ്ക്കണം. പി.എസ്.സി. റാങ്ക് ലിസ്റ്റുകളിലെ നിയമനങ്ങളിൽ അപ്രഖ്യാപിത നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മറികടന്നുകൊണ്ട് മെറിറ്റും സംവരണവും അട്ടിമറിച്ച് കരാർ നിയമനങ്ങൾ നടത്തിയും സംസ്ഥാനത്തെ യുവജനങ്ങളെ വഞ്ചിക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. സ്റ്റാഫ് ഫിക്സേഷൻ പൂർത്തിയാക്കി അധ്യാപക നിയമനം സാധ്യമാക്കണം. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സർക്കാർ/പൊതുമേഖലയിൽ മെറിറ്റും സംവരണവും പാലിച്ചുകൊണ്ട് നിയമനങ്ങൾ നടത്തുന്നതിനും നടപടി സ്വീകരിക്കാത്തത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണം.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2023-ൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ പി.എസ്.സി. നിയമനങ്ങൾ നടന്നത് കേരളത്തിലാണ്. 2016-നുശേഷം മുപ്പതിനായിരത്തോളം അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. റാങ്ക് ലിസ്റ്റുകളുടെ കാലാവധിക്കുള്ളിൽത്തന്നെ എല്ലാ ഒഴിവുകളിലും നിയമനം നടത്തുക എന്നതാണ് സർക്കാരിന്റെ നയം. സംവരണം പാലിച്ചുകൊണ്ട് എല്ലാ ജനവിഭാഗങ്ങൾക്കും സർക്കാർ മേഖലയിൽ പ്രാതിനിധ്യം ഉറപ്പാക്കിയും

നിയമനങ്ങൾ സുതാര്യമാക്കിയുമാണ് സർക്കാർ മുന്നോട്ടുപോകുന്നത്. പി.എസ്.സി.-ക്കുവിട്ട ഏഴ് സ്ഥാപനങ്ങളിലെ നിയമനങ്ങൾ നടത്തുന്നതിന് സ്പെഷ്യൽ റൂൾസുണ്ടാക്കിയിട്ടുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ പോലീസ് വകുപ്പിൽമാത്രം ആറായിരത്തിലധികം നിയമനങ്ങൾ നടത്തിയിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് 70 കോടിയിലധികം രൂപ ഒരു മാസം പെൻഷനും ശമ്പളവും നൽകുന്നതിനുവേണ്ടി ചെലവഴിക്കുന്നുണ്ട്. ഇൻഡ്യയിലെ പ്രൊഫഷണലുകൾക്കിടയിൽ നടത്തിയ സർവെ അനുസരിച്ച് ഏറ്റവും മെച്ചപ്പെട്ട തൊഴിൽ സാഹചര്യമുള്ള നഗരം തിരുവനന്തപുരവും കൊച്ചിയുമാണ്. പരമ്പരാഗത വ്യവസായ മേഖലകളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി പ്രത്യേക സ്കീമുകൾ ആവിഷ്കരിച്ചിട്ടുണ്ട്. പി.എസ്.സി. വഴിയും നോളജ് എക്കണോമി മിഷന്റെ ഭാഗമായും ചെറുകിട-ഇടത്തരം സ്ഥാപനങ്ങൾവഴിയും കേരളത്തിൽ ധാരാളം പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറ്റവും കൂടുതൽ സ്റ്റാർട്ടപ്പുകളും ഐ.ടി. പാർക്കുകളുമുള്ള സംസ്ഥാനമാണ് കേരളം. പോലീസ്, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ അതത് സമയങ്ങളിൽ തസ്തികകൾ സൃഷ്ടിച്ച് തൊഴിൽ ലഭ്യമാക്കുന്നുണ്ട്. ഇൻഡ്യയിൽ ഏറ്റവും കൂടുതൽ തൊഴിൽ ലഭ്യമാക്കുന്ന സംസ്ഥാനം

കേരളമാണ്. ആയതിനാൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു).

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

### (1) കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി യാഥാർത്ഥ്യമാക്കുന്നതിന്റെ ഭാഗമായി പാലക്കാട് വ്യവസായ സ്മാർട്ട് സിറ്റി പദ്ധതിക്ക് അംഗീകാരം നേടിയെടുക്കാനായത് ശ്ലാഘനീയമാണ്. പദ്ധതിക്കാവശ്യമായ ഭൂമിയേറ്റെടുക്കൽ നടപടി ഏതാണ്ട് പൂർത്തിയായിട്ടുണ്ട്. ഏകദേശം 3800 കോടി രൂപ വിഭാവനം ചെയ്യുന്ന പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തുല്യ പങ്കാളിത്തത്തോടെയാണ്

നടപ്പിലാക്കേണ്ടത്. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുമ്പോൾത്തന്നെ കേന്ദ്ര സർക്കാർ ലഭ്യമാക്കേണ്ട തുക നേടിയെടുത്ത് നടപടികൾ വേഗത്തിലാക്കണം. കണ്ണൂർ എയർപോർട്ടുമായി ബന്ധപ്പെട്ട് വ്യവസായ വളർച്ചയ്ക്കുവേണ്ടി അയ്യായിരത്തോളം ഏക്കർ ഭൂമിയേറ്റെടുക്കാനുള്ള കിൻഫ്രയുടെ ശ്രമങ്ങൾ ഊർജ്ജിതമാക്കണം. വ്യവസായ ഇടനാഴികളെ ബന്ധിപ്പിക്കുന്ന നെറ്റ്‌വർക്കുണ്ടാക്കി മട്ടന്നൂർ ഇൻഡസ്ട്രിയൽ പാർക്ക് ഇതിന്റെയൊരു ഭാഗമായി കൊണ്ടുവരാനും കണ്ണൂർ എയർപോർട്ടിന് പോയിന്റ് ഓഫ് കോൾ പദവി ലഭ്യമാക്കാനും കൊച്ചി ഗ്ലോബൽ സിറ്റിക്ക് അനുമതി ലഭ്യമാക്കാനും അടിയന്തര നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): കേരളത്തിന്റെ വ്യവസായ ഭൂപടത്തിൽ വലിയ മാറ്റമുണ്ടാക്കാൻ സഹായിക്കുന്ന കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി പദ്ധതിയുടെ അടിസ്ഥാന സൗകര്യവികസനത്തിനായി സംസ്ഥാന വിഹിതം പൂർണ്ണമായി ചെലവഴിക്കുകയും ഭൂമിയേറ്റെടുക്കൽ പൂർത്തിയാക്കുകയും പാരിസ്ഥിതികാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്രവിഹിതത്തിന്റെ ആദ്യ ഗഡു ഉടൻ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഗ്ലോബൽ സിറ്റി പദ്ധതിക്ക് അംഗീകാരം ലഭിക്കുമെന്ന പ്രതീക്ഷയിൽ നടപടികൾ

മുന്നോട്ടുപോകുകയാണ്. പാലക്കാട് സ്മാർട്ട്സിറ്റി യാഥാർത്ഥ്യമാകുമ്പോൾ മലപ്പുറം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ വ്യാവസായിക വികസനം ഉൾപ്പെട്ടുവരുന്നതാണ്. കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിന് 'പോയിന്റ് ഓഫ് കാൾ' പദവി ലഭിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## (2) ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള കുടുംബ പെൻഷൻ

ശ്രീ. ചാണ്ടി ഉമ്മൻ: വരുമാന പരിധി നിശ്ചയിച്ച് ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് കുടുംബപെൻഷൻ നിഷേധിക്കുന്ന വിധത്തിലാണ് ധനകാര്യ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. ഭിന്നശേഷിക്കാർക്ക് മുൻകാലങ്ങളിൽ ലഭിച്ചുവന്നിരുന്ന കുടുംബപെൻഷൻ പാടേ നിഷേധിക്കുന്ന നടപടിയാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ആയതിനാൽ പുതുതായി നിശ്ചയിച്ച വരുമാന പരിധി ഒഴിവാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള ആധികാരിക രേഖയായി UDID (Unique Disability ID) അംഗീകരിക്കണമെന്ന ആവശ്യത്തിന്മേൽ

മാർഗ്ഗനിർദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുപ്രകാരം ജീവനക്കാരുടെ ആശ്രിതരായ ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് കുടുംബ പെൻഷൻ അനുവദിക്കുന്നതിന് 60,000/- രൂപ വാർഷിക വരുമാനപരിധിയായി നിശ്ചയിച്ചിട്ടുണ്ട്. വാർഷിക വരുമാനപരിധി പുനഃപരിശോധിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചുവരികയാണ്.

## III സബ്മിഷൻ

1) നവകേരള സദസ്സിനോടനുബന്ധിച്ചുണ്ടായ പ്രതിഷേധം സംബന്ധിച്ച്

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): നവകേരള സദസ്സിനോടനുബന്ധിച്ചുണ്ടായ പ്രതിഷേധവുമായി ബന്ധപ്പെട്ട കോടതി ഉത്തരവിന്മേൽ സത്യസന്ധവും നിഷ്പക്ഷവുമായ അന്വേഷണം നടത്തണം.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാലർമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): നവകേരള സദസ്സിനോടനുബന്ധിച്ചുണ്ടായ ക്രമസമാധാന പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ച് എറണാകുളം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ ഫയൽ ചെയ്ത പരാതിയുമായി മുന്നോട്ടുപോകാൻ തക്കതായ കാരണങ്ങളുണ്ടോയെന്ന് അന്വേഷണം നടത്തി റിപ്പോർട്ട്

സമർപ്പിക്കുന്നതിനാണ് കോടതി ഉത്തരവായിട്ടുള്ളത്. സ്വകാര്യ അന്യായത്തിൽ പോലീസ് അന്വേഷണം നടത്താൻ കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(2) അറുന്നൂറ്റിമംഗലം ആശുപത്രിക്ക് കുടുംബാരോഗ്യ പദവിയും കുറവിലങ്ങാട് താലൂക്കാശുപത്രിക്ക് പുതിയ കെട്ടിടവും

ശ്രീ. മോൻസ് ജോസഫ്: കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ അറുന്നൂറ്റിമംഗലം ആശുപത്രിക്ക് പ്രഥമ കുടുംബാരോഗ്യ പദവി നഷ്ടപ്പെട്ട സാഹചര്യം പരിശോധിക്കുന്നതിനും കുറവിലങ്ങാട് താലൂക്കാശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): പ്രഥമ കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ നഷ്ടമാകാതെ കടുത്തുരുത്തി ബ്ലോക്കിലെ അറുന്നൂറ്റിമംഗലം ആരോഗ്യ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(3) കുറ്റ്യാടി താലൂക്കാശുപത്രിയുടെ പ്രവർത്തനം

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: കുറ്റ്യാടി താലൂക്കാശുപത്രിയുടെ പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): കുറ്റ്യാടി താലൂക്കാശുപത്രിയിൽ ഒഴിവുള്ള രണ്ട് തസ്തികകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും അസിസ്റ്റന്റ് സർജനെയും പ്ലേസ്മെന്റ് മുഖേന ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റിനെയും നിയമിക്കാനും അനധികൃത ലീവിലുള്ള ഗൈനക്കോളജിസ്റ്റിനെതിരെ നടപടിയെടുക്കുന്നതിനും പകരം നിയമനം നടത്താനുമുള്ള നടപടി സ്വീകരിക്കുന്നതാണ്.

(4) സർവ്വീസ് പെൻഷൻ, ക്ഷേമ പെൻഷൻ ഉപഭോക്താക്കളുടെ മസ്റ്ററിംഗ്

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): വിവിധ കാരണങ്ങളാൽ അവശതയനുഭവിക്കുന്ന സംസ്ഥാനത്തെ സർവ്വീസ് പെൻഷൻ, ക്ഷേമ പെൻഷൻ ഉപഭോക്താക്കളുടെ മസ്റ്ററിംഗ് ഉൾപ്പെടെയുള്ളവ വാതിൽപ്പടി സേവനമായി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ശയ്യാവലംബരായ 80 വയസ്സ് കഴിഞ്ഞ പെൻഷൻകാർക്ക് വാതിൽപ്പടി സേവനം ലഭ്യമാക്കാനും ആവശ്യപ്പെടുന്നപക്ഷം അക്ഷയകേന്ദ്രം പ്രതിനിധികൾ വീട്ടിലെത്തി മസ്റ്ററിംഗ് നടത്താനുമാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

## (5) എം.എൽ.എ. ഫണ്ടുപയോഗിച്ച് സ്കൂൾ ബസ്സുകൾ വാങ്ങുന്നതിനുള്ള മാനദണ്ഡം ലഘൂകരിക്കൽ

ശ്രീ. എൻ. ഷംസുദ്ദീൻ: എം.എൽ.എ. ഫണ്ടുപയോഗിച്ച് സ്കൂൾ ബസ്സുകൾ വാങ്ങുന്നതിനുള്ള മാനദണ്ഡം ലഘൂകരിക്കാനുള്ള നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): മണ്ണാർകാട് നിയോജകമണ്ഡലത്തിലെ ഗവൺമെന്റ് യു.പി.എസ്. ചളവ, ഗവൺമെന്റ് എൽ.പി.എസ്. അരിയൂർ എന്നീ സ്കൂളുകൾക്ക് വാഹനം വാങ്ങാനാവശ്യമായ തുക അനുവദിച്ച് ഉത്തരവായിട്ടുണ്ട്. നിയന്ത്രണാധികാരിയുടെ അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് തുക നൽകുന്നതിനുള്ള നടപടി ധനകാര്യ വകുപ്പ് സ്വീകരിക്കുന്നതാണ്.

## (6) കുന്നത്തൂരിലെ വില്ലേജുകൾ താലൂക്കിന് കീഴിൽ കൊണ്ടുവരുന്നതിന് നടപടി

ശ്രീ. കോവൂർ കുഞ്ഞുമോൻ: കുന്നത്തൂർ നിയോജകമണ്ഡലത്തിലെ പവിത്രേശ്വരം, കിഴക്കേ കല്ലട, മൺട്രോതുരുത്ത് വില്ലേജുകൾ കുന്നത്തൂർ താലൂക്കിനുകീഴിൽ കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പവിത്രേശ്വരം, കിഴക്കേ കല്ലട, മൺട്രോതുരുത്ത് വില്ലേജുകൾ കുന്നത്തൂർ താലൂക്ക് പരിധിയിൽ കൊണ്ടുവരുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(7) കോതമംഗലത്തെ വന്യമൃഗശല്യം

ശ്രീ. ആന്റണി ജോൺ: കോട്ടപ്പടി, പിണ്ടിമന, കുട്ടമ്പുഴ, കവളങ്ങാട് ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ വന്യമൃഗശല്യം തടയുന്നതിനും കൃഷിനാശം സംഭവിച്ചവർക്ക് സമയബന്ധിതമായി നഷ്ടപരിഹാരം നൽകുന്നതിനും കേരള പോലീസ് ഹൗസിംഗ് ആൻഡ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്തിട്ടുള്ള വർക്കുകൾ പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): കോതമംഗലത്ത് വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കോതമംഗലം / നേര്യമംഗലം ഡിവിഷനുകളിൽ യഥാക്രമം രണ്ടും മൂന്നും ആർ.ആർ.ടി.-കൾ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുകയും 24 മണിക്കൂറും പ്രവർത്തനസജ്ജമായ എമർജൻസി ഓപ്പറേഷൻ സെന്ററുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പോലീസ് ഹൗസിംഗ് ആൻഡ് കൺസ്ട്രക്ഷൻ

കോർപ്പറേഷന്റെ നേതൃത്വത്തിൽ നടക്കുന്ന സൗരോർജ്ജവേലി സ്ഥാപിക്കൽ, ആനക്കിടങ്ങ് നിർമ്മാണം ഉൾപ്പെടെയുള്ള പ്രവൃത്തികൾ ത്വരിതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. വന്യമൃഗശല്യം തടയാൻ ഗവൺമെന്റിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

(8) ഈറ്റത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. ജി. സ്റ്റീഫൻ: ഈറ്റത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും റാന്നി വനം ഡിവിഷനിൽനിന്ന് ഈറ്റ ലഭ്യമാക്കുന്നതിനും ഈറ്റ ഉൽപ്പന്നങ്ങളെ ജി.എസ്.ടി.-യിൽനിന്ന് ഒഴിവാക്കുന്നതിനും തൊഴിലാളികളുടെ ഡി.എ. കുടിശ്ശിക നൽകുന്നതിനും ബാംബൂ കോർപ്പറേഷനുകീഴിലുള്ള ഡിപ്പോകൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഈറ്റത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. റാന്നി വനം ഡിവിഷനിൽനിന്നും ഈറ്റ വെട്ടുന്നതിന് അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. ഈറ്റ ഉൽപ്പന്നങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ജി.എസ്.ടി. ഒഴിവാക്കുന്ന വിഷയം

ജി.എസ്.ടി. കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് സംസ്ഥാന നികുതി കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈറ്റത്തൊഴിലാളികൾക്ക് ഇൻസെന്റീവ് നൽകുന്നതിനായി 45 ലക്ഷം രൂപ വകയിരുത്തുകയും ബാംബൂ കോർപ്പറേഷനിലെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് പ്രത്യേക സഹായം നൽകുകയും ചെയ്തിട്ടുണ്ട്.

(9) ചുണങ്ങംവേലി, കീഴ്മാട് മഹിളാലയം ജംഗ്ഷൻ എന്നിവിടങ്ങളിലെ ബാറുകൾ മാറ്റുന്നതിന് നടപടി

ശ്രീ. അൻവർ സാദത്ത്: ചുണങ്ങംവേലി, കീഴ്മാട് മഹിളാലയം ജംഗ്ഷൻ എന്നിവിടങ്ങളിൽ പുതുതായി ആരംഭിച്ച ബാറുകൾ മാറ്റിസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ചുണങ്ങുംവേലിയിൽ പ്രവർത്തിക്കുന്ന വി.കെ.ജെ. ഇൻ എന്ന സ്ഥാപനത്തിനും കീഴ്മാട് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പാർക്ക് റെസിഡൻസി അർക്കാഡിയ എന്ന സ്ഥാപനത്തിനും ഫോർ സ്റ്റാർ ക്ലാസിഫിക്കേഷൻ പദവി ലഭിച്ചിട്ടുള്ളതും നിയമപരമായി ബാർ ലൈസൻസ് അനുവദിച്ചിട്ടുള്ളതുമാണ്. സെന്റ് ജോസഫ് യു.പി. സ്കൂളിന്റെ ഗേറ്റിൽനിന്ന് വി.കെ.ജെ. ഇൻ ഹോട്ടലിലേയ്ക്ക് 90 മീറ്റർ ദൂരവും ജുമാ മസ്ജിദ് കിഴക്കേ പള്ളിയിൽനിന്ന് പാർക്ക് റെസിഡൻസി അർക്കാഡിയ ഹോട്ടലിലേയ്ക്ക് 78

മീറ്റർ ദൂരവും ഉള്ളതായാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള പരാതികളിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കാൻ എക്സൈസ് കമ്മീഷണർക്ക് നിർദേശം നൽകിയിട്ടുണ്ട്.

(10) ലൈഫ് ഭവന പദ്ധതിയിൽ വീട് നിർമ്മിക്കുന്നതിനാവശ്യമായ ഇളവ്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: ലൈഫ് ഭവന പദ്ധതിയിൽ വീട് നിർമ്മിക്കുന്നതിന് മൂന്ന് സെന്റ് ഭൂമിയുണ്ടായിരിക്കണമെന്ന വ്യവസ്ഥയിൽ ഇളവ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് കെട്ടിട നിർമ്മാണാനുമതി ലഭ്യമാക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഗ്രാമപഞ്ചായത്തുകൾ ലഭ്യമാക്കേണ്ടതാണെന്ന് നിർദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഭവനരഹിതരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ശ്രീമതി ചന്ദ്രലേഖ നിർമ്മാണപ്ലാൻ ചട്ടങ്ങൾ പാലിക്കാത്തതിനാലാണ് നിർമ്മാണാനുമതി ലഭിക്കാതിരുന്നത്. അപാകതകൾ പരിഹരിച്ച് പുതുക്കിയ പ്ലാൻ നൽകുന്നമുറയ്ക്ക് നിർമ്മാണാനുമതി നൽകുന്നതിനാവശ്യമായ നടപടി ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നതാണ്. വസ്തുവിന്റെ

ആകൃതിക്കനുയോജ്യമായ മാതൃകാപ്ലാനുകൾ ഉപയോഗിക്കാവുന്നതാണെന്ന വിവരം ലൈഫ് മിഷൻ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

(11) തലയാഴത്ത് പുതിയ ഐ.ടി.ഐ. അനുവദിക്കൽ

ശ്രീമതി സി. കെ. ആശ: വൈക്കം നിയോജകമണ്ഡലത്തിലെ തലയാഴം ഗ്രാമപഞ്ചായത്തിൽ പുതിയ ഐ.ടി.ഐ. അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): കോട്ടയം ജില്ലയിൽ നിലവിൽ സർക്കാർ തലത്തിൽ 5 ഐ.ടി.ഐ.-കൾ പ്രവർത്തിച്ചുവരുന്നുണ്ട്. നിലവിൽ സംസ്ഥാന സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഏറ്റെടുക്കാൻ നിർവാഹമില്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്. പുതിയ ഐ.ടി.ഐ. അനുവദിക്കുന്ന അവസരത്തിൽ വൈക്കം നിയോജകമണ്ഡലത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ആവശ്യകത പരിഗണിച്ച് തലയാഴം ഗ്രാമപഞ്ചായത്തിൽ പുതിയ ഐ.ടി.ഐ.-ക്ക് മുൻഗണന നൽകുന്നതാണ്.

## IV റിപ്പോർട്ടുകളുടെ സമർപ്പണം

2023-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ, 2023-ലെ കേരള കന്നുകാലി പ്രജനന ബിൽ എന്നിവ

സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ റിപ്പോർട്ട്, 2024-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ, 2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ റിപ്പോർട്ട്, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് എന്നിവ സമർപ്പിച്ചു.

## V ഗവൺമെന്റ് പ്രമേയം (ചട്ടം 118)

'ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ്' പരിഷ്കരണ നടപടി

'ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ്' എന്ന ജനാധിപത്യ വിരുദ്ധ പരിഷ്കരണ നടപടിയിൽനിന്നും പിന്തിരിയണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ് അവതരിപ്പിക്കുകയും പിന്താങ്ങപ്പെടുകയും ചെയ്തു.

ശ്രീമതി കെ. കെ. രമ, ഡോ. മാത്യു കുഴൽനാടൻ, ശ്രീ. എൻ. ഷംസുദ്ദീൻ എന്നീ അംഗങ്ങൾ ഭേദഗതികൾ അവതരിപ്പിച്ചു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

1. പ്രമേയത്തിലെ നാലാമത്തെ ഖണ്ഡികയിലെ അവസാനത്തെ വരിയിലെ "ഘടനയ്ക്കു മേലും" എന്നതിനു പകരം "ഘടനയ്ക്കുമേലും" എന്നത് ചേർക്കുക.

2. പ്രമേയത്തിലെ ആറാമത്തെ ഖണ്ഡികയിലെ ആറാമത്തെ വരിയിലെ "സംസ്ഥാനങ്ങളുടെ" എന്നതിനു പകരം "സംസ്ഥാനങ്ങളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും" എന്നത് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

2. പ്രമേയത്തിലെ ഒന്നാമത്തെ ഖണ്ഡികയുടെ രണ്ടാമത്തെ വരിയിലെ "തീരുമാനിച്ചിരിക്കുകയും" എന്നതിനു പകരം "തീരുമാനിക്കുകയും" എന്നത് ചേർക്കുക.

3. പ്രമേയത്തിലെ ഒന്നാമത്തെ ഖണ്ഡികയിലെ രണ്ടാമത്തെ വരിയിലെ "വേണ്ട" എന്നതിനു പകരം "ഇക്കാര്യത്തിന് ആവശ്യമായ" എന്നത് ചേർക്കുക.

4. പ്രമേയത്തിലെ ഒന്നാമത്തെ ഖണ്ഡികയിലെ മൂന്നാമത്തെ വരിയിലെ "ഭരണഘടന-നിയമ" എന്നതിനു പകരം "ഭരണഘടനയും, തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മറ്റ് നിയമങ്ങൾക്കും" എന്നത് ചേർക്കുക.

13. പ്രമേയത്തിലെ ഒൻപതാമത്തെ ഖണ്ഡികയിലെ ഒന്നാമത്തെ വരിയിലെ "ഇപ്പോൾ" എന്നത് ഒഴിവാക്കുക.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

(കാര്യവിവരപ്പട്ടികയിൽ 4(ii) ആയി ചേർത്തിട്ടുള്ള ചട്ടം 118 പ്രകാരമുള്ള പ്രമേയത്തിന്റെ പരിഗണന മറ്റൊരു ദിവസത്തേയ്ക്ക് മാറ്റിവച്ചു.)

## VI വ്യക്തിപരമായ വിശദീകരണം

### അപകീർത്തികരമായ പരാമർശം

ശ്രീ. ചാണ്ടി ഉമ്മൻ: എൻ.എച്ച്.എ;-യുടെ അഭിഭാഷക പാനലിൽ ഞാൻ ഉൾപ്പെട്ടതുമായി ബന്ധപ്പെട്ട് ഇന്നലെ (09-10-2024) നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ചയിൽ ശ്രീ. എ. സി. മൊയ്തീൻ ഉന്നയിച്ച ആരോപണം അടിസ്ഥാനരഹിതമാണ്. അഭിഭാഷക പാനൽ നിയമനം നടത്തുന്നത് മെറിറ്റ് അടിസ്ഥാനത്തിലാണ്. ഞാൻ എം.എൽ.എ. ആകുന്നതിന് ഒരുവർഷംമുമ്പ് എൻ.എച്ച്.എ.-യുടെ അഭിഭാഷക പാനലിൽ നിയമനത്തിനായി അപേക്ഷ നൽകുകയും ആലപ്പുഴ ജില്ലയ്ക്കുവേണ്ടിയുള്ള അഭിഭാഷക പാനലിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുകയും ചെയ്തിരുന്നു. എന്നാൽ രാഷ്ട്രീയപ്രവർത്തനത്തിനിടയിൽ ഒരു

കേസിൽപോലും ഹാജരാവുകയോ പ്രതിഫലം വാങ്ങുകയോ ചെയ്തിട്ടില്ല. 2024-ൽ ഞാൻ ആവശ്യപ്പെടാതെ പാനലിലേയ്ക്ക് തെരഞ്ഞെടുക്കുകയും അതുസംബന്ധിച്ച് വിവാദമുണ്ടായപ്പോൾ അഭിഭാഷക പാനലിൽനിന്ന് പുറത്താക്കുകയുമാണുണ്ടായത്. ഈ വിഷയം ദുർവ്യാഖ്യാനം ചെയ്ത് ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച അംഗം തെറ്റ് തിരുത്തണം.

## VII നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപവും

(i) 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച

സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് സംസ്ഥാനത്ത് നടപ്പാക്കുന്നതിനുള്ള നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. ആക്റ്റിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പാക്കുന്നതിനുവേണ്ടി രൂപീകരിച്ച ചട്ടങ്ങളുടെ സൂക്ഷ്മ പരിശോധനാവേളയിൽ കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി ചൂണ്ടിക്കാണിച്ച നിർദേശങ്ങളും വകുപ്പ് കണ്ടെത്തിയിട്ടുള്ള സാങ്കേതിക മാറ്റങ്ങളും ഉൾപ്പെടുത്തിയാണ് ബിൽ അവതരിപ്പിച്ചിട്ടുള്ളത്.

ശ്രീ. ടി. സിദ്ദിഖ്: 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2024 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനുവേണ്ടി ഓരോ

ജില്ലയിലും രൂപീകരിക്കുന്ന അതോറിറ്റിയിൽ ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിനിലെയും ഹോമിയോപ്പതിക് സിസ്റ്റം ഓഫ് മെഡിസിനിലെയും ജില്ലാ മെഡിക്കൽ ഓഫീസർമാരെയും സർക്കാർ നാമനിർദേശം ചെയ്യുന്ന ഡെന്റൽ സർജനെയും ഉൾപ്പെടുത്തിയത് സ്വാഗതാർഹമാണ്. 20-ാം വകുപ്പിൽ സ്ഥിരം രജിസ്ട്രേഷന് അഞ്ചുവർഷക്കാലത്തേക്ക് സാധുതയുണ്ടാകുമെന്ന് ഭേദഗതി വരുത്തുമ്പോൾ രജിസ്ട്രേഷന് നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ കൃത്യതയോടെ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. സർക്കാർ ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുന്നതോടൊപ്പം സ്വകാര്യ ആശുപത്രികളിലെ വിവിധ ചാർജ്ജുകൾ ഏകീകരിക്കുന്നതിനും ഒരു വ്യക്തിക്ക് ഒറ്റ മെഡിക്കൽ ഫയൽ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. വൈത്തിരി താലൂക്കാശുപത്രിയിൽ മെഡിസിൻ ഗൈനക് കൺസൾട്ടന്റ്, ഫോറൻസിക് സർജൻ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിനും സ്റ്റാഫ് നഴ്സുമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ലെവൽ ത്രീ ട്രോമാകെയർ സെന്ററിൽ 160 കെ. വി. ജനറേറ്റർ സ്ഥാപിക്കുന്നതിനും പ്രസ്തുത സ്ഥാപനം എക്സലന്റ് ഇൻസ്റ്റിറ്റ്യൂട്ടായി മാറ്റുന്നതിനും നടപടി

സ്വീകരിക്കണം. കേരളത്തിൽ ചെറുപ്പക്കാർക്കിടയിലുണ്ടാകുന്ന ആകസ്മിക മരണം സംബന്ധിച്ച് പഠനം നടത്താൻ സർക്കാർ തയ്യാറാകണം.

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: 2024- ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ആരോഗ്യ മേഖലയിൽ ഗുണപരവും സമഗ്രവുമായ മാറ്റത്തിന് വേണ്ടിയുള്ള നടപടികളും നിയമനിർമ്മാണങ്ങളുമായി മുന്നോട്ടുപോകുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു. ആരോഗ്യ മേഖലയുടെ മികവാർന്ന പ്രവർത്തനങ്ങൾക്ക് ദേശീയവും അന്തർദേശീയവുമായ പുരസ്കാരങ്ങൾ ലഭിച്ചത് അഭിമാനകരമാണ്. കേരളത്തിലെ സർക്കാർ ആശുപത്രികളിൽ ശാസ്ത്രീയവും നൂതനവുമായ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി അവയവമാറ്റ ശസ്ത്രക്രിയ ഉൾപ്പെടെ ഫലപ്രദമായി നടത്താൻ സാധിക്കുന്നുണ്ട്. ആശുപത്രികൾക്കാവശ്യമായ ഉപകരണങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനും മതിയായ ജീവനക്കാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം. ഡയാലിസിസ് രോഗികളുടെ എണ്ണം ക്രമാതീതമായി വർധിച്ചുവരുന്ന സാഹചര്യത്തിൽ എല്ലാ സർക്കാർ ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കാനുള്ള നടപടി ത്വരിതപ്പെടുത്തണം. സ്വകാര്യ ആശുപത്രികൾ രോഗവിവരവുമായി

ബന്ധപ്പെട്ട ഫയൽ സ്വകാര്യ സ്വത്തായി സൂക്ഷിക്കുന്ന സമ്പ്രദായം അവസാനിപ്പിക്കാനുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): നിയമസഭ പാസ്സാക്കിയ 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) നിയമം പൂർണ്ണമായ അർത്ഥത്തിൽ പ്രാവർത്തികമാക്കാനുള്ള സമഗ്ര ഇടപെടലാണ് സർക്കാർ നടത്തുന്നത്. ക്രിയാത്മകമായ നിർദേശങ്ങളാണ് ചർച്ചയിൽ ഉയർന്നുവന്നിട്ടുള്ളത്. ക്ലിനിക്കൽ സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനാണ് ഈ നിയമം കൊണ്ടുവന്നിട്ടുള്ളത്. ഈ ഭേദഗതി ബില്ലിലൂടെ സ്ഥിരം രജിസ്ട്രേഷന്റെ സാധുത മൂന്നുവർഷം എന്നുള്ളത് അഞ്ചുവർഷമാക്കുകയാണ്. പ്രസ്തുത കാലയളവിനുള്ളിൽ ഒരു സ്ഥാപനം നിശ്ചിത ഗുണനിലവാരം പാലിക്കുന്നില്ലെന്ന് ബന്ധപ്പെട്ട അതോറിറ്റിക്ക് ബോദ്ധ്യപ്പെട്ടാൽ ലൈസൻസ് റദ്ദ് ചെയ്യാനുള്ള അധികാരം നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷൻ നിർബന്ധമാക്കുക എന്നതാണ് ബില്ലിലൂടെ ലക്ഷ്യമിടുന്നത്. വൈത്തിരി താലൂക്കാശുപത്രിയിൽ ഒഴിവുള്ള തസ്തികകളിൽ ഡോക്ടർമാരെ അടിയന്തരമായി നിയമിക്കുന്നതാണ്. പേരാവൂർ നിയോജക മണ്ഡലത്തിലെ

താലൂക്കാശുപത്രിയിൽ അനസ്തെറ്റിസ്റ്റിനെ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വയനാട് മെഡിക്കൽ കോളേജിൽ കാത്ത് ലാബ് സ്ഥാപിക്കുകയും സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടറുടെ തസ്തിക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2025 ഡിസംബറിന് മുമ്പായി ഓപ്പറേഷൻ തീയേറ്ററുൾപ്പെടെയുള്ള ആധുനിക സൗകര്യങ്ങൾ സജ്ജമാക്കുന്നതാണ്. പുതുതായി ആരംഭിക്കുന്ന ആശുപത്രി പ്രവർത്തനസജ്ജമാകുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനായി കെട്ടിടങ്ങളുടെ നിർമ്മാണം അറുപത് ശതമാനം പൂർത്തിയാകുമ്പോൾ തന്നെ ആവശ്യമായ ഉപകരണങ്ങളുടെ ലിസ്റ്റ് കെ.എം.എസ്.സി.എൽ.-ന് ലഭ്യമാക്കണമെന്ന കർശന നിർദേശം നൽകിയിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസം, ആയുർവേദം, ഹോമിയോ മേഖലകളിൽ കൂടുതൽ ഡോക്ടർമാരുടെ തസ്തികകൾ സൃഷ്ടിക്കുകയും സ്വകാര്യ മേഖലയിൽ മാനദണ്ഡപ്രകാരം നഴ്സിംഗ്/പാരാമെഡിക്കൽ കോഴ്സുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച

സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(ii) <u>2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ബിൽ</u>

(iii) <u>2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ</u>

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ബിൽ, 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ എന്നിവ അവതരിപ്പിക്കുന്നു.

<u>ചെയർപേഴ്സൺ</u>: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

<u>ശ്രീ. പി. രാജീവ്</u>: 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ബിൽ, 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി)

ബിൽ എന്നിവ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. പി. രാജീവ്: 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബില്ലിൽ "acknowledgement certificate" എന്ന പദം വരുന്നിടത്തെല്ലാം "certificate of in-principal approval" എന്നും (2)-ാം ഉപവകുപ്പിലെ "മൂന്ന് വർഷക്കാലയളവിൽ" വന്ന വാക്കുകൾക്ക് പകരം "മൂന്ന് വർഷവും ആറ് മാസവുമായ കാലയളവിൽ എന്നുമുള്ള ഭേദഗതികളാണ് പ്രധാനമായും കൊണ്ടുവന്നിട്ടുള്ളത്.

ശ്രീ. എച്ച്. സലാം ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. മുരളി പെരുനെല്ലി): 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2024 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങൾ ആധുനികവൽക്കരിക്കുന്നതിനും വിപുലീകരിക്കുന്നതിനും

വേണ്ടിയുള്ള ബില്ലാണിത്. വ്യവസായ സൗഹൃദ സൂചികയിൽ 'ടോപ്പ് അച്ചീവർ' പദവി കരസ്ഥമാക്കാനായതും പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കിയതും കേരള റബർ ലിമിറ്റഡ് സ്ഥാപിച്ചതും കൊച്ചി-ബംഗലൂരു വ്യവസായ ഇടനാഴിക്ക് അനുമതി നൽകാനായതും അഭിമാനാർഹമാണ്. എം.എസ്.എം.ഇ.കൾക്ക് അഞ്ച് വർഷത്തേയ്ക്ക് വൈദ്യുതി നികുതിയിളവ് അനുവദിച്ചതും അന്താരാഷ്ട്ര വാണിജ്യ ഫെയറിൽ പങ്കെടുക്കുന്നതിന് ആനുകൂല്യങ്ങൾ നൽകിയതും വ്യവസായ പുരോഗതിക്കായി സർക്കാർ ഇടപെടുന്നതിന്റെ തെളിവാണ്. ആഗോള ആയുർവേദ ഗ്രാമം, ബയോ ടെക്നോളജി ഇൻക്യുബേഷൻ സെന്റർ, ഗ്രാഫീൻ ഇൻഡസ്ട്രിയൽ പാർക്ക്, ടെക്നോളജി ഹബ്ബ് എന്നിവ എടുത്ത് പറയേണ്ട നേട്ടങ്ങളാണ്. മെഡിക്കൽ അനുബന്ധ വ്യവസായങ്ങൾ ശക്തിപ്പെടുത്താനും പശ്ചാത്തല സൗകര്യ മേഖലയിൽ നേട്ടം കൈവരിക്കാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്ന ദേശീയപാത, തീരദേശ-മലയോര ഹൈവേ, ദേശീയ ജലപാത എന്നിവ യാഥാർഥ്യമാകുന്നതോടെ കേരളത്തിന്റെ വ്യവസായ രംഗത്ത് വൻ മുന്നേറ്റമുണ്ടാകുകയും ധാരാളം തൊഴിലവസരങ്ങളുണ്ടാകുകയും ചെയ്യും. 28

വ്യവസായ പാർക്കുകൾക്ക് നിർമ്മാണാനുമതി നൽകുകയും രണ്ട് പാർക്കുകൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തത് ശ്ലാഘനീയമാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ചുമതലപ്പെടുത്തിയതനുസരിച്ചു പ്രകാരം

ഡോ. മാത്യു കുഴൽനാടൻ: 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കാലഘട്ടത്തിനനുസൃതമായി വ്യവസായിക അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും വ്യവസായ സൗഹൃദമാക്കുന്നതിനും വേണ്ടിയാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. കാർഷിക-വ്യവസായിക-വിദ്യാഭ്യാസ മേഖലകളിൽ സാമ്പത്തിക മാന്ദ്യം നിലനിൽക്കുകയാണ്. ചെറുപ്പക്കാർ വിദേശ രാജ്യങ്ങളിലേയ്ക്ക് പലായനം ചെയ്യുന്ന അവസ്ഥയ്ക്ക് മാറ്റം വരണമെങ്കിൽ സംസ്ഥാനത്തെ വ്യാവസായിക അന്തരീക്ഷം മാറണം. ഈ ഭേദഗതി ബിൽ പാസ്സാക്കുന്നതിലൂടെ വ്യാവസായിക അന്തരീക്ഷം മെച്ചപ്പെടുമെന്ന് കരുതുന്നത് യുക്തിരഹിതമാണ്. വ്യവസായ സ്ഥാപനങ്ങൾക്കാവശ്യമായ ലൈസൻസുകൾ ലഭ്യമാക്കുന്നതുൾപ്പെടെയുള്ള ഭരണപരമായ കാര്യങ്ങൾക്കല്ലാതെ അടിസ്ഥാനപരമായി വ്യവസായത്തെ മെച്ചപ്പെടുത്തുന്നതിന് ഉതകുന്ന ഭേദഗതി നിർദേശങ്ങളൊന്നും ഈ

ബില്ലിലില്ല. വ്യവസായ സ്ഥാപനങ്ങൾ അനുവദിക്കുന്നതിലെ മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ചാൽമാത്രമേ വ്യാവസായിക അന്തരീക്ഷം മെച്ചപ്പെടുത്താൻ സാധിക്കുകയുള്ളൂ. വ്യത്യസ്ത കാർഷികോത്പന്നങ്ങൾ ഉത്പാദിപ്പിക്കാൻ കൃഷിഭൂമി ഉപയുക്തമാക്കുന്നതിന് കർഷകർക്ക് അനുവാദം നൽകുന്ന തരത്തിൽ കാർഷിക നയത്തിൽ മാറ്റം വരുത്തിയാൽ വിപണി പിടിച്ചെടുക്കാനും വരുമാന വർധനവുണ്ടാക്കാനും സാധിക്കും. സ്വകാര്യ വ്യവസായ പാർക്കുകൾ അനുവദിക്കുന്നതിനുള്ള നിബന്ധനയിൽ മാറ്റം വരുത്തണം. ക്ലസ്റ്ററുകളായി വരുന്ന വ്യവസായ സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ നിയമം കൊണ്ടുവരണം.

ശ്രീ. മോൻസ് ജോസഫ് ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. എൻ. ഷംസുദ്ദീൻ): 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2024 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ബില്ലിൽ കൊണ്ടുവന്നിട്ടുള്ള 'കൈപ്പറ്റ് സാക്ഷ്യപത്രം' എന്നുള്ളത് 'തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം' എന്നാക്കുന്ന ഭേദഗതിയും ഒരു സംരംഭം ആരംഭിക്കുമ്പോൾ അനുമതി നേടിയെടുക്കാനുള്ള സമയപരിധി

'മൂന്നരക്കൊല്ലമായി' വർധിപ്പിക്കുന്നതിനുള്ള ഭേദഗതിയും സ്വാഗതാർഹമാണ്. വ്യവസായ സംരംഭങ്ങൾ അനുവദിക്കുന്നതിനുള്ള നിബന്ധനയിൽ ഇളവ് വരുത്തണം. ലാഭത്തിലല്ലാത്ത വ്യവസായ സ്ഥാപനങ്ങളെ വൈദ്യുതി നിരക്ക് വർദ്ധനവിൽനിന്നും ഒഴിവാക്കണം. ഇന്റർനെറ്റ് കണക്ടിവിറ്റിയിലെ പ്രതിസന്ധികൾ പരിഹരിക്കണം. വ്യവസായ/സൈബർ പാർക്കുകൾ ഗ്രാമീണ മേഖലകളിൽക്കൂടി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. നിലവിലുള്ള വ്യവസായ പാർക്കുകളിൽ ലീസിനെടുത്തിട്ട് ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി പിടിച്ചെടുത്ത് ആവശ്യമുള്ളവർക്ക് നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. വാണിജ്യ സഹകരണ ബാങ്കുകളിൽനിന്ന് പുതിയ സംരംഭകർക്ക് ലോൺ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനും സിംഗിൾ വിൻഡോ ക്ലിയറൻസ് സംവിധാനത്തിലെ പ്രതിസന്ധികൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം. ഇരുമ്പനം ട്രാക്കോ കേബിൾ കമ്പനി തൊഴിലാളികളുടെ ആനുകൂല്യങ്ങൾ അടിയന്തരമായി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. മലബാർ സിമന്റ്സ് കമ്പനിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും നടപടിയുണ്ടാകണം. കോക്കോണിക്സ് പദ്ധതി പുനരാരംഭിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. കെ. എം. സച്ചിൻദേവ്: 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

വ്യവസായമേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വ്യവസായ സൗഹൃദ റാങ്കിംഗിൽ കേരളം ഒന്നാം സ്ഥാനത്തെത്തിയത് അഭിനന്ദനാർഹമാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാനും നിരവധി വ്യവസായ സംരംഭങ്ങളും സ്വകാര്യ വ്യവസായ പാർക്കുകളും ആരംഭിക്കാനും നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചത് അഭിമാനകരമാണ്. ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക്, ഗ്രാഫീൻ പാർക്ക്, കെ-സ്വിഫ്റ്റ് പദ്ധതി എന്നിവ നടപ്പാക്കാൻ കഴിഞ്ഞു. സംരംഭകർക്ക് ലൈസൻസുകൾ വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചും പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിയും വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് അനുയോജ്യമായ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് മുന്നോട്ടുപോകുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): വ്യവസായ മേഖലയിൽ മെച്ചപ്പെട്ട അന്തരീക്ഷം രൂപപ്പെടുത്തുന്നതിനുവേണ്ടിയാണ് ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. നിയമപരമായി വ്യവസായം നടത്തുന്നവർക്ക് സമയനഷ്ടവും സാങ്കേതിക പ്രശ്നങ്ങളും ഒഴിവാക്കാനാണ് കൈപ്പറ്റ് സാക്ഷ്യപത്രം എന്നത് അംഗീകാര സാക്ഷ്യപത്രം എന്ന് മാറ്റം വരുത്തുന്നത്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സംസ്ഥാനത്ത് 30 സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. സംരംഭകവർഷം നടപ്പിലാക്കിയതിന്റെ ഭാഗമായി മൂന്ന് ലക്ഷത്തിലധികം സംരംഭങ്ങൾ ആരംഭിക്കാനും 20,000 കോടി രൂപയുടെ നിക്ഷേപം കൊണ്ടുവരാനും ആറേമുക്കാൽലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചിട്ടുണ്ട്. സ്വകാര്യ വ്യവസായ പാർക്കുകൾക്ക് ബോർഡിൽ പ്രാതിനിധ്യമില്ലാത്തതുകൊണ്ടാണ് സ്ഥിരം ക്ഷണിതാവായി സ്വകാര്യ വ്യവസായ പാർക്കിന്റെ സി.ഇ.ഒ.-യെ ഉൾപ്പെടുത്തണമെന്ന വ്യവസ്ഥ ബില്ലിൽ കൊണ്ടുവന്നിരിക്കുന്നത്. ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് വന്നതോടുകൂടി വിദേശത്തേയ്ക്ക് തൊഴിൽ തേടി പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളോടുചേർന്ന് ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയിൽ

ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കുന്നതാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിക്ക് ഓണർഷിപ്പ് നൽകി വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് വകുപ്പിൽനിന്നും ധനസഹായം അനുവദിച്ചുവരുന്നു. കെ.എസ്.ഐ.ഡി.സി. ആയിരം കോടി രൂപയുടെ വായ്പ ഈ വർഷം അനുവദിച്ചിട്ടുണ്ട്. ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിനുള്ള പാക്കേജിന് രൂപം നൽകുന്നതാണ്. കോക്കോണിക്സ്-ലെ പ്രശ്നങ്ങൾ പരിഹരിച്ചുവരികയും മലബാർ സിമന്റ്സ് ആധുനികവൽക്കരിക്കാനുള്ള നടപടി സ്വീകരിക്കുന്നതുമാണ്. കെൽട്രോണിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ജീവനക്കാരുടെ ശമ്പള പരിഷ്കരണം ധനകാര്യ വകുപ്പിന്റെ പരിഗണനയിലുമാണ്. ഭോപ്പാൽ ഫാഷൻ ഡിസൈനുമായി ചേർന്ന് കയർ മേഖലയുടെ നവീകരണത്തിനായി നടപടി സ്വീകരിച്ചുവരികയാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ കെ.എസ്.ഇ.ബി.-യിലേക്ക് അടയ്ക്കേണ്ട കുടിശ്ശികത്തുക എഴുതിത്തള്ളാനുള്ള ഉത്തരവിറങ്ങിയെങ്കിലും ഇതുസംബന്ധിച്ച് കോടതിയിൽ കേസ്സുള്ളതിനാൽ പ്രസ്തുത ഉത്തരവ് നടപ്പാക്കാൻ സാധിക്കാതിരിക്കുകയാണ്. ടെക്സ്റ്റൈൽ മേഖല നേരിടുന്ന പ്രതിസന്ധി മറികടക്കാനായി കോട്ടൺ ബാങ്ക് രൂപീകരിക്കുന്നതിനുള്ള

നടപടി സ്വീകരിച്ചിട്ടുണ്ട്. വ്യവസായ ക്ലസ്റ്റർ എന്ന ആശയം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ആധുനികകാലത്തിന് ചേരുന്ന കൈത്തറി വസ്തുങ്ങൾ ഉത്പാദിപ്പിക്കാൻ ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹായത്തോടെ 'ക' എന്ന കേരള ബ്രാൻഡ് ആരംഭിക്കാൻ കഴിഞ്ഞു. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ അദാലത്തിൽ വ്യവസായ സംരംഭകരുടെ 92 ശതമാനം പരാതികളിലും അനുകൂല നിലപാട് സ്വീകരിക്കാൻ സാധിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഇ-യിലെ ജീവനക്കാരുടെ വേതനം ഉയർത്തുകയും ടി സ്ഥാപനത്തിന്റെ സ്ഥലം പരമാവധി വിനിയോഗിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ബിൽ, 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ എന്നിവ വ്യവസായവും

ധാതുക്കളും സംബന്ധിച്ച IV-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബില്ലുകൾ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

സഭ വൈകുന്നേരം 3.49-ന് പിരിഞ്ഞു.

* * * * *